ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ചിട്ടുള്ളവർക്കാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. കോവിഡ് വ്യാപനം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ മസ്റ്ററിംഗ് നടത്തുവാൻ കഴിയില്ല. മഹാമാരിക്ക് ശമനമുണ്ടാകുമ്പോൾ മസ്റ്ററിംഗ് നടത്താത്തവർക്ക് അതിനായി ഒരവസരം കൂടി നൽകുന്നതും അപ്രകാരം മസ്റ്റർ ചെയ്യുവർക്ക് മുടങ്ങിക്കിടക്കുന്ന പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

(ബി) യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തുക തടയപ്പെട്ട ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനുശേഷം പെൻഷൻ തുക ലഭിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മസ്റ്ററിംഗിന് മുമ്പ് തടഞ്ഞുവച്ച പെൻഷൻ കുടിശ്ശിക ഈ ഓണക്കാലത്തിന് മുമ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

(സി) ഇങ്ങനെ പെൻഷൻ കുടിശ്ശികയുള്ള എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

മസ്റ്ററിംഗ് പൂർത്തിയാക്കാതിരുന്നതിനാൽ പെൻഷൻ കുടിശ്ശികയുള്ള 1,41,852 ഗുണഭോക്താക്കളാണുള്ളത്.

## ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന

60(3491) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരളയിലെ പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരളയിൽ ഉൾപ്പെട്ടിരിക്കുന്ന പദ്ധതികൾക്ക് പുറപ്പെടുവിച്ചിരിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആവശ്യകത പരിശോധിച്ചാണ് വിവിധ പ്രവർത്തനങ്ങൾക്ക് ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ചു വരുന്നത്. പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നതേയുള്ളൂ. പദ്ധതി നിർവ്വഹണത്തിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ സാങ്കേതിക പരിശോധനയ്ക്ക് ചീഫ് ടെക്നിക്കൽ എക്സാമിനർ, മറ്റ് പരിശോധനകൾക്ക് ധന (ഇൻസ്പെക്ഷൻ) വിഭാഗം തുടങ്ങിയ സംവിധാനങ്ങൾ ധനകാര്യ വകുപ്പിന് കീഴിൽ നിലവിലുണ്ട്. ആവശ്യമാകുന്നപക്ഷം പ്രസ്തുത സംവിധാനങ്ങൾ വഴി പരിശോധന നടത്താൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly